# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1279** **05.03.2020-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം ഗണ്യമായി കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2018-ലെ മഹാപ്രളയം മൂലം 40% മത്സ്യ കൃഷിയിടങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടും മത്സ്യകൃഷി വഴിയുള്ള ഉല്പാദനം 24,198 മെട്രിക് ടണ്ണിൽ നിന്നും 24,571 മെട്രിക് ടൺ ആയി നേരിയ തോതിൽ ഉയർന്നിട്ടുണ്ട്. യൂണിറ്റ് ഏരിയയിൽ നിന്നുള്ള ഉല്പാദന ക്ഷമത വർദ്ധിപ്പിച്ചത് വഴിയാണ് ഈ നേട്ടം കൈവരിയ്ക്കാൻ കഴിഞ്ഞത്. 2019-20 വർഷത്തോടു കൂടി 47,356 മെട്രിക് ടൺ ആയി ഉയർത്തുന്നതിനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| ബി) ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷം 4851 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്ര അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിങ് ഓഫ് എഫ്.എം.സി കൾ എന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം പൊതു ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം 295 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് 3.2 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു. |
| സി) | ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതിക്കായി എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ ഏതൊക്കെ പദ്ധതികൾക്ക് അനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | സി) | 2019-20 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം 48.5 കോടി രൂപ അടങ്കൽ തുക വരുന്ന 6 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടില്ല. |
| ഡി) | 2019-20 സാമ്പത്തിക വർഷം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ? | ഡി) | 2019-20 സാമ്പത്തിക വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രത്തിന് പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല |

Sheeba

**സെക്ഷൻ ആഫീസർ**